മൂവാറ്റുപുഴ ഇലക്ട്രിസിറ്റി സബ് സ്റ്റേഷന്റെ പണി

992. [1448] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ ഇലക്ട്രിസിറ്റി സബ് സ്റ്റേഷന്റെ എന്തെല്ലാം പണികളം നടക്കുന്നുണ്ട് ;

(ബി) ഏതെല്ലാം പണികൾക്ക് ടെൻഡർ വിളിച്ചു ;

(സി) ബാക്കി പണികളം എന്നു തുടങ്ങും ;

(ഡി) ഇത് എന്ന് പ്രവർത്തനം ആരംഭിക്കും ;

(ഇ) ഈ സബ് സ്റ്റേഷന്റെ കോമ്പൗണ്ടിൽകൂടി ഒരു വഴി അനുവദിക്കണമെന്നുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) സ്ഥലത്തിനു ചുറ്റുമുള്ള മതിൽക്കെട്ടിന്റേയും സുരക്ഷിതത്വ വേലിയുടേയും പണികളം നടന്നുകൊണ്ടിരിക്കുന്നു.

(ബി) യാർഡ് സ്ട്രക്ച്ചറിന്റെ ഫൗണ്ടേഷന്റെ ജോലിക്ക് ടെൻഡർ വിളിച്ച് കരാർ നൽകിക്കഴിഞ്ഞു.

(സി) ഉടൻ തുടങ്ങുന്നതാണ്.

(ഡി) 1987-88 സാമ്പത്തിക വർഷത്തിൽ താൽക്കാലികമായി പ്രവർത്തനം ആരംഭിക്കുമെന്നാണ് പ്രതീക്ഷ.

(ഇ) ബോർഡിന് ലഭിച്ചിട്ടുണ്ട്.

(എഫ്) ബോർഡ് അത് പരിശോധിച്ചുവരുന്നു.

ആർക്കിയോളജി ഡയറക്ടർക്കെതിരായ നടപടികൾ

993. [1450] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർക്കിയോളജി ഡയറക്ടർക്കെതിരായി ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഡയറക്ടർക്കെതിരായി അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ചിരിക്കുന്ന പരാതികൾ എന്തെല്ലാമാണ് ;

(ഡി) ഡയറക്ടർക്കെതിരായി വിജിലൻസ് വകുപ്പ് അന്വേഷണം നടത്തുകയുണ്ടായോ ; എങ്കിൽ വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടില്ല. എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഫൈനാൻസ് (ഇൻസ്പെക്ഷൻ വിംഗ്) വകുപ്പിന് അധികാരവുമില്ല എന്നാൽ അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചതനുസരിച്ച് ആർക്കിയോളജി ഡയറക്ടറാഫീസിലെ വാഹനങ്ങളുടെ ഉപയോഗത്തെ സംബന്ധിച്ച് ഫൈനാൻസ് (ഇൻസ്പെക്ഷൻ വിംഗ്) വിശദമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡയറക്ടർ ഓഫീസിലുള്ള നാലു വാഹനങ്ങളും ഉപയോഗിച്ചിട്ടുള്ളതിൽ ചില ക്രമക്കേടുകളും സംഭവിച്ചിട്ടുള്ളതായും, ആ വാഹനങ്ങളുടെ ലോഗ് ബുക്കുകളും എഴുതിയിട്ടുള്ളതിൽ പാകപ്പിഴകളും സംഭവിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പുരാവസ്തുവകുപ്പു ഡയറക്ടർ ആഫീസിലെ വാഹനങ്ങളുടെ ഉപയോഗത്തിൽ ക്രമക്കേടുകളുള്ളതായി ലോഗ് ബുക്കുകൾ അനുസരിച്ച് കാണുന്നുണ്ടെന്നും അതുകൊണ്ട് വിശദമായ അന്വേഷണം ആവശ്യമാണെന്നുമാണ് അക്കൗണ്ടൻറ് ജനറൽ അഭിപ്രായപ്പെട്ടത്.

(ഡി) പുരാവസ്തുവകുപ്പു ഡയറക്ടർക്കെതിരായി ഉയർന്നുവന്ന ചില പരാതികളെപ്പറ്റി വിജിലൻസ് വകുപ്പ് അന്വേഷണം നടത്തുകയുണ്ടായി. എന്നാൽ വാഹനങ്ങളുടെ ഉപയോഗത്തേയും ലോഗ് ബുക്ക് എഴുതുന്ന രീതിയേയും കുറിച്ചുള്ള പരാതിയൊഴികെ മറ്റെല്ലാ പരാതികളും അടിസ്ഥാനരഹിതമാണെന്ന് വിജിലൻസ് വകുപ്പ് റിപ്പോർട്ട് ചെയ്തു. ഈ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ സർക്കാർ ഡയറക്ടർക്ക് വാണിംഗ് നൽകിയിട്ടുണ്ട്.

ഗുരുവായൂർ-കുറ്റിപ്പുറം റെയിൽവേ ലൈൻ

994. [1451] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സാമ്പത്തിക വർഷത്തിൽ ഗുരുവായൂർ കുറ്റിപ്പുറം റയിൽവേ ലൈനിനുവേണ്ടി കേന്ദ്രഗവൺമെൻറ് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയുമോ ?

ഉത്തരം

ഇപ്പോഴത്തെ വിഭവലഭ്യതയുടെ അപര്യാപ്തതയാൽ ഗുരുവായൂർ-കുറ്റിപ്പുറം റയിൽവേ ലൈനിൻെറ നിർമ്മാണം ഉടൻതന്നെ ഏറ്റെടുക്കാൻ നിർവ്വാഹമില്ലെന്ന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആകയാൽ പ്രസ്തുത ലൈനിനുവേണ്ടി തുക അനുവദിച്ചിട്ടില്ല.

പീച്ചി മൃഗശാല

995. [1452] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചിയിൽ സ്ഥാപിക്കാൻ പോകുന്ന മൃഗശാലയുടെ സവിശേഷതകൾ എന്തെല്ലാം;

(ബി) ഈ മൃഗശാലക്ക് ഏതെല്ലാം ഏജൻസികളിൽനിന്ന് സഹായങ്ങൾ കിട്ടും;

(സി) കേന്ദ്രം ഏതെല്ലാം വിധത്തിൽ സഹായിക്കാമെന്നേറ്റിട്ടുണ്ട് ?

ഉത്തരം

(എ) പീച്ചിയിൽ മൃഗശാല സ്ഥാപിക്കാൻ അന്തിമ തീരുമാനം എടുത്തിട്ടില്ല. ഇതിനെ സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട്, തൃശ്ശൂർ കളക്ടർ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പ്രോജക്ട് റിപ്പോർട്ട് കിട്ടിയാൽ മാത്രമേ എന്തെല്ലാം സവിശേഷതകൾ ഉണ്ടാകുമെന്ന് അറിയാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly